"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശസ്വയംഭരണ വകുപ്പ്- എഞ്ചിനീയറിംഗ് വിഭാഗം- കൊല്ലം കോർപ്പറേഷനിലെ മുൻ അസിസ്റ്റന്റ് എഞ്ചിനീയർ, ശ്രീമതി അമ്പിളി എൻ.എസ്. ( പെൻ . 673482)-ന് എതിരെയുള്ള അച്ചടക്കനടപടി തീർപ്പാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയം ഭരണ (ഇഡബ്ല്യൂഎ) വകുപ്പ്**

സ.ഉ.(സാധാ) നം.902/2026/LSGD തീയതി,തിരുവനന്തപുരം, 21-04-2026

---

പരാമർശം:-

1. ചീഫ് എഞ്ചിനീയറുടെ 15.06.2020-ലെ ഇ21/9125/2019/സിഇ/തസ്വഭവ കത്തും ശ്രീമതി പ്രിയ സോമരാജൻ സമർപ്പിച്ച 12.06.2019-ലെ പരാതിയിന്മേൽ ദക്ഷിണമേഖല സൂപ്രണ്ടിംഗ് എഞ്ചിനീയറുടെ 2.12.2019-ലെ ഇ2/789/വിജി/2019/എസ്ഇ/തസ്വഭവ അന്വേഷണറിപ്പോർട്ടും.

2. പ്രിൻസിപ്പൽ ഡയറക്ടറുടെ 04.07.2024, 13.11.2024, 08.05.2025 തീയതികളിലെ LSGD/PD/23985/2024-VIGA4 കത്ത്.

3. ശ്രീമതി അമ്പിളി എൻ.എസ്.-ന് എതിരെയുള്ള 10.09.2024-ലെ കുറ്റപത്രവും കുറ്റാരോപണ പത്രികയും.

4. ശ്രീമതി അമ്പിളി എൻ.എസ്. സമർപ്പിച്ച 18.10.2024-ലെ പ്രതിവാദ പത്രിക.

കൊല്ലം കോർപ്പറേഷനിലെ വടക്കേവിള വില്ലേജിൽ ബ്ലോക്ക് നമ്പർ 24-ൽ റീസർവ്വേ നമ്പർ 569/1, 576/21-ൽ ഉൾപ്പെട്ട വസ്തുവിന്റെ കോമ്പൗണ്ട് വാൾ പുനർനിർമ്മിക്കുന്നതുമായി ബന്ധപ്പെട്ട് തർക്കമുണ്ടായതിനെ തുടർന്ന് 21.2.2019-ൽ ശ്രീ.രവീന്ദ്രനാഥ് (FIR-ൽ പരാമർശിക്കുന്ന പ്രതി) നൽകിയ OS-114/2019 പ്രകാരം തനിയ്ക്ക് കൊല്ലം മുൻസിഫ് കോടതിയിൽ നിന്നും Suit Notice-ഉം summons-ഉം ലഭിക്കുകയുണ്ടായി

എന്നും ഈ കേസിന്റെ First hearing 23.02.2019-ൽ നടക്കാനിരിക്കവെ, വടക്കേവിള സോണൽ ഓഫീസിലെ അസിസ്റ്റന്റ് എഞ്ചിനീയർ, ശ്രീമതി അമ്പിളി എൻ. എസ്. പ്രതികളുമായി ചേർന്ന് ഗൂഢാലോചന നടത്തി, തിടുക്കത്തിൽ 22.2.2019-ൽ "Violation of Permit Plan- Condition Clause Violated" എന്ന് രേഖപ്പെടുത്തി തന്റെ ചുറ്റുമതിലിൽ stop memo പതിക്കുകയുണ്ടായി എന്നും Civil Procedure Code-1908 CrPC-1973 എന്നിവയിലെ നോട്ടീസ് പതിക്കുന്ന നടപടിക്രമങ്ങൾക്ക് നേർവിപരീതമായിട്ടാണ് അസിസ്റ്റന്റ് എഞ്ചിനീയർ സ്റ്റോപ്പ് മെമ്മോ പതിപ്പ് നടത്തിയത് എന്നും, അസിസ്റ്റന്റ് എഞ്ചിനീയർ തന്റെ ഒദ്യോഗിക പദവി ദുരുപയോഗം ചെയ്ത് ബഹു.മുൻസിഫ് കോടതിയെ തെറ്റിദ്ധരിപ്പിച്ചു എന്നും തനിക്കും തന്റെ കുടുംബത്തിനും പരിഹരിക്കാനാവാത്ത തകർച്ച ഏൽപ്പിക്കുക എന്ന ലക്ഷ്യത്തോടെ പ്രവർത്തിച്ചു എന്നും ആയതിനാൽ ഈ വിഷയത്തിൽ വകുപ്പുതലഅന്വേഷണം നടത്തണമെന്നും തന്നെ നേരിൽ കേൾക്കാൻ അവസരം നൽകണമെന്നും ആവശ്യപ്പെട്ട് ശ്രീമതി പ്രിയ സോമരാജൻ സമർപ്പിച്ച നിവേദനത്തിന്മേൽ ചീഫ് എൻജിനിയർ ദക്ഷിണമേഖല സൂപ്രണ്ടിംഗ് എഞ്ചിനീയറുടെ പരാമർശം (1) പ്രകാരമുള്ള അന്വേഷണ റിപ്പോർട്ട് ലഭ്യമാക്കുകയുണ്ടായി.

ചീഫ് എൻജിനിയർ ലഭ്യമാക്കിയ മേൽ റിപ്പോർട്ടിൽ, ശ്രീമതി പ്രിയ സോമരാജൻ തന്റെ ഉടമസ്ഥതയിലുള്ള കൊല്ലം കോർപ്പറേഷനിലെ വടക്കേ വിള വില്ലേജിൽ ബ്ലോക്ക് നമ്പർ 24-ൽ റീസർവ്വെ നമ്പർ 569/1, 576/21-ൽ പെട്ട വസ്തുവിലെ കോമ്പൗണ്ട് വാൾ ശക്തമായ മഴയിൽ നശിച്ച് പോയത് പുനർനിർമ്മിക്കുന്നതിനിടെ അയൽവാസിയായ ശ്രീ.രവീന്ദ്രനാഥ് മുതൽപേർ തടസ്സം ഉന്നയിച്ചുവെന്നും നിലവിലെ നിർമ്മാണത്തിന് മുകളിലായി നിർമ്മാണം നടത്തുന്നതിന് നിയമാനുസൃത പെർമിറ്റ് ലഭ്യമാക്കി നിർമ്മാണം ആരംഭിച്ചപ്പോൾ എതിർകക്ഷികളുടെ പ്രേരണയുടെ അടിസ്ഥാനത്തിൽ ടി നിർമ്മാണം നിർത്തി വയ്ക്കുന്നതിന് അസി.എഞ്ചിനീയർ സ്റ്റോപ്പ് മെമ്മോ നൽകിയെന്നും ആയതിനെതിരെ ടിയാൾ സമർപ്പിച്ച പരാതിയുടെ അടിസ്ഥാനത്തിൽ ദക്ഷിണമേഖല സൂപ്രണ്ടിംഗ് എൻജിനീയർ നടത്തിയ വകുപ്പുതല അന്വേഷണത്തിൽ പെർമിറ്റ് പ്ലാനിലെ അളവുകളും സൈറ്റിലെ അളവുകളും തമ്മിൽ സാരമായ പൊരുത്തക്കേട് കാണുന്നുവെന്നും തെറ്റായ അളവുകളോടുകൂടി പെർമിറ്റ് അനുവദിച്ചിരിക്കുന്നത് ഉദ്യോഗസ്ഥരുടെ ഭാഗത്തുനിന്നുണ്ടായ ഗുരുതരവീഴ്ചയാണെന്നും കണ്ടെത്തുകയും ആയതിനാൽ അസിസ്റ്റന്റ് എഞ്ചിനീയർ ശ്രീമതി അമ്പിളി എൻ.എസ്, ഒന്നാംതരം ഓവർസിയർ ശ്രീ. റജികുമാർ ഡി. എന്നിവർക്കെതിരെ തുടർനടപടികൾ

സ്വീകരിക്കാവുന്നതാണ് എന്നും റിപ്പോർട്ട് ചെയ്തു.

പ്രസ്തുത റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ, കൊല്ലം കോർപ്പറേഷനിലെ വടക്കേവിള വില്ലേജിൽ ബ്ലോക്ക് നമ്പർ 24-ൽ റീസർവ്വേ നമ്പർ 569/1, 576/21 -ൽപ്പെട്ട വസ്തുവിലെ കോമ്പൌണ്ട് വാൾ പുനർനിർമ്മിക്കുന്നതുമായി ബന്ധപ്പെട്ട് പെർമിറ്റ് ഫയലിൽ തെറ്റായ അളവുകളോട്ടു കൂടി പെർമിറ്റ് അനുവദിച്ചിരിക്കുന്നതിൽ ഔദ്യോഗിക കൃത്യ നിർവ്വഹണ വീഴ്ച സംഭവിച്ചിട്ടുള്ളതിനാൽ കൊല്ലം കോർപ്പറേഷനിലെ അസിസ്റ്റന്റ് എൻജിനീയറായിരുന്ന ശ്രീമതി അമ്പിളി എൻ.എസ്. (പെൻ. 673482, വിരമിക്കൽ തീയതി-01.05.2037) -യ്ക്കെതിരെ സർക്കാർ 1960-ലെ കേരള സിവിൽ സർവിസസ് (തരംതിരിക്കലും, നിയന്ത്രണവും, അപ്പീലും) ചട്ടങ്ങളിലെ ചട്ടം 16 പ്രകാരമുള്ള പരാമർശ കുറ്റപത്രം നല്കി അച്ചടക്കനടപടി ആരംഭിച്ചു.

ശ്രീമതി അമ്പിളി എൻ.എസ്. സമർപ്പിച്ച പരാമർശ പ്രതിവാദപത്രികയിൽ കുറ്റം നിഷേധിയ്ക്കുകയും പുരയിടത്തിൽ മതിൽ കെട്ടുന്നതിനുള്ള പെർമിറ്റിനുള്ള ശ്രീമതി പ്രിയാസോമരാജന്റെ അപേക്ഷ കൊല്ലം വടക്കേവിള സോണൽ ഓഫിസിൽ ലഭിയ്ക്കുകയുണ്ടായി എന്നും ആയതിലെ സർവ്വേസ്കെച്ച് പ്രകാരമുള്ള അതിരളവുകൾ സൈറ്റ് പരിശോധിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിനായി ഒന്നാം ഗ്രേഡ് ഓവർസിയറായിരുന്ന റെജികുമാറിന് നിർദ്ദേശം നൽകുകയുണ്ടായി എന്നും ടിയാൻ സൈറ്റ് പരിശോധിച്ച് അളവുകൾ ശരിയാണെന്നും ടി അപേക്ഷയും പ്ലാനും അന്ന് നിലവിലുള്ള കേരള മുനിസിപ്പാലിറ്റി ബിൽഡിംഗ് റൂൾ 2011 ചട്ടങ്ങൾ പാലിക്കുന്നുണ്ടെന്നും പെർമിറ്റ് നൽകാവുന്നതാണെന്നും സ്ഥലപരിശോധനാ റിപ്പോർട്ട് നൽകിയതിൻ പ്രകാരം മതിൽ നിർമ്മാണത്തിന് പെർമിറ്റ് നൽകുകയുണ്ടായി എന്നും നിലവിലെ സർക്കാർ ഉത്തരവുകളും ചട്ടങ്ങളും പാലിച്ച് അസിസ്റ്റന്റ് എൻജിനീയർ എന്ന നിലയിൽ തന്നിൽ നിക്ഷിപ്തമായ അധികാര പ്രകാരമാണ് പെർമിറ്റ് നൽകിയത് എന്നും കെട്ടിടനിർമ്മാണത്തിന് അനുമതി നൽകുന്നതിൽ ഉണ്ടാകുന്ന കാലതാമസം ഒഴിവാക്കുന്നതിന് വേണ്ട നിർദ്ദേശം നൽ കിക്കൊണ്ട് 27.06.2010-ലെ 36587/RA1/2009/LSGD നമ്പർ സർക്കുലർ പ്രകാരം പെർമിറ്റ് നൽകുന്നതിന് അധികാരപ്പെട്ട അസിസ്റ്റന്റ് എൻജിനിനീയറായ താൻ ചട്ടങ്ങൾക്കും നിയമങ്ങൾക്കും സർക്കാർ നിർദ്ദേശങ്ങൾക്കും അനുസൃതമായാണ് പെർമിറ്റ് നൽകിയിട്ടുള്ളത് എന്നും അറിയിച്ചു.

പ്രിൻസിപ്പൽ ഡയറക്ടർ സമർപ്പിച്ച പരാമർശം (2)-ലെ 08.05.2025 തീയതി അഭിപ്രായ റിപ്പോർട്ടിൽ, നേരിട്ട് സ്ഥലപരിശോധന നടത്തിയ ഒന്നാം തരം ഓവർസിയർ ശ്രീ. റജികുമാർ ഡി.-യുടെ റിപ്പോർട്ട് പ്രകാരമാണ് പ്രസ്തുത ഫയലിൽ അസിസ്റ്റന്റ്

എഞ്ചിനീയർ ശ്രീമതി അമ്പിളി എൻ.എസ്. പെർമിറ്റ് അനുവദിച്ചിട്ടുള്ളതെന്ന് കാണാവുന്നതാണ് എന്നും ആയതിനാൽ ടിയാളുടെ വിശദീകരണം ഇക്കാര്യത്തിൽ അംഗീകരിയ്ക്കാവുന്നതാണെന്നും എന്നിരുന്നാലും പെർമിറ്റ് അനുവദിക്കുമ്പോൾ കൂടുതൽ ജാഗ്രത പുലർത്തണമെന്ന നിർദ്ദേശം ടിയാൾക്ക് നല്കാവുന്നതാണെന്നും റിപ്പോർട്ട് ചെയ്തു. കൂടാതെ, ഔദ്യോഗിക കൃത്യ നിർവ്വഹണത്തിൽ വീഴ്ച വരുത്തിയ ശ്രീ. റജികുമാറിനോട് ഇക്കാര്യത്തിൽ വിശദീകരണം തേടിയിരുന്നുവെങ്കിലും ഗുരുതരമായ അനാരോഗ്യത്താൽ ടിയാൻ മരണപ്പെട്ടതിനാലാണ് ടിയാനെതിരെ മറ്റ് തുടർ നടപടികൾക്ക് ശുപാർശ ചെയ്യാതിരുന്നതെന്നും അറിയിച്ചിട്ടുണ്ട്.

മേൽ സാഹചര്യത്തിൽ, ലഭ്യമായ വിവരങ്ങളുടെ അടിസ്ഥാനത്തിൽ സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. ഈ വിഷയത്തിൽ, ശ്രീമതി അമ്പിളി എൻ.എസ്-ന്റെ ഭാഗത്ത് നിന്നും മന:പൂർവ്വമായ വീഴ്ച സംഭവിച്ചിട്ടില്ല എന്നു കാണുന്നു. എന്നാൽ ഇത്തരത്തിലുള്ള കൃത്യനിർവഹണത്തിൽ ടിയാൾ കൂടുതൽ ജാഗ്രത പുലർത്തേണ്ടതുണ്ട്. അതിനാൽ ആരോപണ വിധേയയായ കൊല്ലം കോർപ്പറേഷനിലെ അസിസ്റ്റന്റ് എഞ്ചിനീയറായിരുന്ന ശ്രീമതി അമ്പിളി എൻ.എസ്. (പെൻ. 673482)-നെതിരെ **കേരള സിവിൽ സർവീസസ് (തരംതിരിക്കലും, നിയന്ത്രണവും അപ്പീലും) ചട്ടങ്ങളിലെ ചട്ടം 16 പ്രകാരം സ്വീകരിച്ച് വരുന്ന അച്ചടക്കനടപടി അതേ ചട്ടങ്ങളിലെ ചട്ടം 11(1)(i) പ്രകാരം, ഔദ്യോഗികകൃത്യ നിർവഹണത്തിൽ കൂടുതൽ ജാഗ്രത പുലർത്തേണ്ടതാണെന്ന ശാസന (സെൻഷർ) നൽകി തീർപ്പാക്കി ഉത്തരവാകുന്നു.**

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

C M AJAYA MOHAN

സ്പെഷ്യൽ സെക്രട്ടറി

1. ശ്രീമതി അമ്പിളി എൻ.എസ്. (പെൻ. 673482), അസിസ്റ്റന്റ് എൻജിനിയർ, കൊല്ലം കോർപ്പറേഷൻ.
2. പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശസ്വയംഭരണ വകുപ്പ്, തിരുവനന്തപുരം (ഈ ഉത്തരവ് പ്രകാരമുള്ള തുടർ നടപടിയ്ക്കായി)
3. ചീഫ് എഞ്ചിനീയർ, തിരുവനന്തപുരം .
4. തദ്ദേശസ്വയംഭരണ (EWB) വകുപ്പ് (DPC List സംബന്ധിച്ച നടപടിയ്ക്കായി)
5. അക്കൗണ്ടന്റ് ജനറൽ (എ&ഇ/ഓഡിറ്റ്) തൃശ്ശൂർ, തിരുവനന്തപുരം.

6. വെബ് & ന്യൂ മീഡിയ, വിവര പൊതുജന സമ്പർക്ക വകുപ്പ്
7. സ്റ്റോക്ക് ഫയൽ/ ഓഫീസ് കോപ്പി ( EWA1/73/2025-LSGD).

ഉത്തരവിൻ പ്രകാരം

Signed by
Asha. R
Date: 21-04-2026 15:59:41
സെക്ഷൻ ഓഫീസർ